(ബി) ഇതിൽ കൊയിലാണ്ടി ഭാഗത്തെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് സ്ഥലം വിട്ടുനൽകേണ്ടവർക്കുള്ള വസ്തുവില സംബന്ധിച്ച് എസ്റ്റിമേറ്റിന് അംഗീകാരം ലഭ്യമായിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ഈ ഫയൽ ഇപ്പോൾ ഏത് വകുപ്പിലാണ് ഉള്ളത് ; പ്രസ്തുത ഫയൽ നമ്പർ ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) കൊയിലാണ്ടി-ബാലുശ്ശേരി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഉള്ളൂർക്കടവ് പാലത്തിന്റെ സ്ഥലമെടുപ്പിനുവേണ്ടി ജില്ലാതല പർച്ചേസ് കമ്മിറ്റി ശിപാർശചെയ്ത വില സംസ്ഥാനതല ഉന്നതാധികാര സമിതി (എസ്.എൽ.ഇ.സി.) അംഗീകരിച്ച് 27-12-2014-ൽ ഉത്തരവായിട്ടുണ്ട്. എന്നാൽ അർത്ഥനാധികാരിയായ പൊതുമരാമത്ത് വകുപ്പ് തുക അനുവദിക്കാത്തതിനാൽ അവാർഡ് പാസ്സാക്കി ഭൂമി ഏറ്റെടുക്കാൻ കഴിഞ്ഞില്ല. ഈ പൊരുംവില നടപടി 27-3-2015-ൽ ഡിനോവ ആയിട്ടുണ്ട്.

(സി) കോഴിക്കോട് കളക്ടറേറ്റിൽ ബി2-26043/2010 നമ്പർ ഫയലായാണ് ഈ വിഷയം കൈകാര്യം ചെയ്യുന്നത്.

വെള്ളരിക്കുണ്ട് മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണം

156 (1189) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളരിക്കുണ്ട് മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനാവശ്യമായ തുക 2015-16 ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly